**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3933** **09-10-2025 - ൽ മറുപടിയ്ക്ക്**

**വളർത്തു മൃഗങ്ങളുടെ വിപണനത്തിന് ഓൺലൈൻ പ്ലാറ്റ്‌ഫോം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പുതുതലമുറയിലെ കർഷകരെയും കർഷകസംരംഭകരെയും മൃഗസംരക്ഷണമേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന് വാണിജ്യാടിസ്ഥാനത്തിൽ അരുമ മൃഗങ്ങളെ വളർത്തുന്നതിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പുതുതലമുറയിലെ കർഷകരെയും കർഷകസംരംഭകരെയും മൃഗസംരക്ഷണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന് വാണിജ്യാടിസ്ഥാനത്തിൽ അരുമ മൃഗങ്ങളെ വളർത്തുന്നതിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി മൃഗസംരക്ഷണ വകുപ്പ് മുഖേന ഓമനപ്പക്ഷി വളർത്തൽ, വ്യാവസായിക അടിസ്ഥാനത്തിൽ നായ്ക്കളുടെ ബ്രീഡിങ് പരിശീലനം, ഫാം ടൂറിസം തുടങ്ങിയവ പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ വാണിജ്യാടിസ്ഥാനത്തിലുള്ള വിപണിക്ക് ഓൺലൈൻ വിപണന സൈറ്റുകൾ ആരംഭിക്കുവാൻ വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്.<br><br>പ്ലാനിംഗ് വിഭാഗത്തിൽ നിന്നും വെറ്ററിനറി എക്സ്റ്റൻഷൻ (വികസനവും പരിശീലനവും) പദ്ധതിയിൽ ഉൾപ്പെടുത്തി കർഷകർക്കും, ഉദ്യോഗസ്ഥർക്കും വിവിധ പരിശീലന പരിപാടികളും മൃഗസംരക്ഷണ വകുപ്പ് സംഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) | വാണിജ്യാടിസ്ഥാനത്തിലുള്ള വളർത്തുമൃഗങ്ങളുടെയും അരുമ മൃഗങ്ങളുടെയും പരിപാലനം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നത് പരിഗണിച്ച് പ്രസ്തുത മേഖലയ്ക്ക് ഉത്തേജനം നൽകുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | വാണിജ്യാടിസ്ഥാനത്തിലുള്ള വളർത്തു മൃഗങ്ങളുടെയും /അരുമ മൃഗങ്ങളുടെയും പരിപാലനം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നത് പരിഗണിച്ച് പ്രസ്തുത മേഖലയ്ക്ക് ഉത്തേജനം നൽകുന്നതിനായി മൃഗസംരക്ഷണ വകുപ്പ് 10 മുതൽ 20 പശുക്കളുള്ള ഇടത്തരം ഡയറി ഫാമുകൾക്കായി സമഗ്ര ഫാം എയ്ഡ് പാക്കേജ് സഹായം നടപ്പിലാക്കുന്നുണ്ട്. 45 ലക്ഷം രൂപയാണ് നടപ്പ് സാമ്പത്തിക വർഷം ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത്. ഈ പദ്ധതിയിലൂടെ ഒരു ഫാമിന് ഒരു ലക്ഷം രൂപയോളം ധനസഹായം ലഭിക്കും. ഈ പാക്കേജിന് കീഴിൽ ആരോഗ്യ പരിരക്ഷ, തീറ്റപ്പുൽ കൃഷിക്കു സഹായം, |

| | | | |
|---|---|---|---|
| | | | **കാലിത്തീറ്റക്ക ധനസഹായം, ഫാം ആധുനികവൽക്കരണം തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തുള്ള 45 ഇടത്തരം ഡയറി ഫാമുകൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്നത്.**<br><br>**അരുമമൃഗങ്ങളുടെയും വളർത്തുമൃഗങ്ങളുടെയും വിപണനത്തിനായി ഓൺലൈൻ പ്ലാറ്റ്ഫോം രൂപീകരിക്കുവാൻ സർക്കാർ കേരള കന്നുകാലി വികസന ബോർഡിന് നിർദ്ദേശം നൽകിയിരുന്നതിൻ പ്രകാരം സ്റ്റാർട്ടപ്പ് മിഷൻ മുഖേന ഉചിതമായ ഏജൻസിയെ കണ്ടുപിടിക്കുകയും വർക്ക് ഓർഡർ നൽകിയിട്ടുള്ളതുമാണ്.** |
| (സി) | അരുമ മൃഗങ്ങളുടെയും വളർത്തു മൃഗങ്ങളുടെയും വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി ഡിജിറ്റൽ ഓൺലൈൻ പ്ലാറ്റ്ഫോം രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | **ഇ-സമൃദ്ധ ഡിജിറ്റൽ ലൈവ്സ്റ്റോക്ക് ആൻഡ് ഇ-ഹെൽത്ത് മാനേജ്മെന്റ് സിസ്റ്റത്തിൻറെ ഭാഗമായി കർഷകർക്ക് വേണ്ടിയുള്ള മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. കർഷകർക്ക് ചികിത്സാ സേവനങ്ങൾ മുൻകൂട്ടി ബുക്ക് ചെയ്യാനും, ആരോഗ്യ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാനും, മൃഗപരിപാലനവുമായി ബന്ധപ്പെട്ടുള്ള മറ്റ് സേവനങ്ങളെല്ലാം തന്നെ വിരൽ തുമ്പിൽ ലഭ്യമാക്കാനും സാധിക്കും.**<br><br>**അരുമ മൃഗങ്ങളുടെയും വളർത്തു മൃഗങ്ങളുടെയും വിപണനം പ്രോത്സാഹിപ്പിക്കുന്നത് പരിഗണിച്ച് കേരള കന്നുകാലി വികസന ബോർഡ് മേൽപ്പറഞ്ഞ വിപണനത്തിനായി ഒരു ഓൺലൈൻ പ്ലാറ്റ്ഫോം തയ്യാറാക്കി വരുന്നു. ഇതിലൂടെ ചെറുകിട കർഷകർക്കും പ്രത്യേക വളർത്തുമൃഗങ്ങളെ വളർത്തുന്നവർക്കും വലിയ വാണിജ്യ സ്ഥാപനങ്ങളുമായി മത്സരിക്കാൻ കഴിയുന്ന തരത്തിൽ കൂടുതൽ ആളുകളിലേയ്ക്ക് എത്താൻ സാധിക്കുന്നു. ഓൺലൈൻ പ്ലാറ്റ്ഫോം നിലവിൽ വരുന്നതോടുകൂടി മൃഗങ്ങളുടെ വിപണനത്തിലുള്ള തട്ടിപ്പുകൾ തടയാൻ സാധിക്കുന്നതാണ്** |
| (ഡി) | അരുമ മൃഗങ്ങളുടെയും വളർത്തു മൃഗങ്ങളുടെയും നിയമ വിരുദ്ധമായ വിപണനം, വളർത്തു മൃഗങ്ങളെ തെരുവിൽ ഉപേക്ഷിക്കൽ, ഇടനിലക്കാരുടെ ചൂഷണം എന്നിവ നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ഡി) | **അരുമ മൃഗങ്ങളുടെയും വളർത്തുമൃഗങ്ങളുടെയും നിയമവിരുദ്ധമായ വിപണനം, പ്രജനനം എന്നിവ തടയാൻ നിലവിലുള്ള Pet Shop Rules, Dog Breeding & Marketing Rules എന്നിവ പരിഷ്കരിക്കുന്നതിലേക്കായി State Animal Welfare Board രൂപീകരിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ